**ഭരണഭാഷ മാതൃഭാഷ**

ഇ.മെയിൽ: dmekerala@gmail.com
ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 2528575
2444270
ഡയറക്ടർ : 2444011

കേരള സർക്കാർ
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

മെഡിക്കൽ കോളേജ്. പി.ഒ,
തിരുവനന്തപുരം - 695 011

---

നമ്പർ ജെ2/25164/2014/മെ.വി.വ. തീയതി : 1/12/2020

# സർക്കുലർ

വിഷയം:-മെ.വി.കാ - ജീവനക്കാര്യം - സർക്കാരിന്റെ വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുള്ള സർക്കാർ ഉത്തരവിലെ ശൂന്യവേതനാവധി സംബന്ധിച്ച നിയന്ത്രണങ്ങൾ കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു

സൂചന:- 1. സ.ഉ.(അ) നമ്പർ 152/2020/ധന. തീയതി 5/11/2020
2. 29/9/2014ലെ ഇതേ നമ്പർ സർക്കുലർ

*****

സൂചന (1) പ്രകാരം സർക്കാരിന്റെ ധനദൃഢീകരണം സാദ്ധ്യമാകുന്നതിന് ഉതകുന്ന വ്യയനിയന്ത്രണനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് , സർക്കാർ വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

ടി ഉത്തരവിലെ രണ്ടാം ഖണ്ഡിക പ്രകാരം എല്ലാത്തരം ശൂന്യവേതനാവധിയും അഞ്ചു വർഷത്തേയ്ക്ക് മാത്രമായി ചുരുക്കിയിരിക്കുന്നു. അവധിയെടുത്ത ജീവനക്കാരൻ/ജീവനക്കാരി അഞ്ചു വർഷത്തിനു ശേഷം ജോലിക്ക് ഹാജരാകാതിരുന്നാൽ രാജിവച്ചതായി കണക്കാക്കണമെന്നും സർക്കാർ നിർദ്ദേശിക്കുന്നു.

മേൽ സാഹചര്യത്തിൽ, അഞ്ചു വർഷത്തെ അവധിയ്ക്കുശേഷം ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളൊന്നും തന്നെ പരിഗണിക്കേണ്ടതില്ല. ഇത്തരം അപേക്ഷകൾ ലഭ്യമാകുന്ന പക്ഷം അപേക്ഷകയുടെ/അപേക്ഷകന്റെ അവധി തീരുന്ന മുറയ്ക്ക് തൊട്ടടുത്ത ദിവസം തന്നെ ജോലിക്ക് ഹാജരാകണമെന്നു കാണിച്ച് അവരുടെ ലഭ്യമായ മേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാൽ മുഖന്തിരം അറിയിപ്പ് നൽകേണ്ടതും നിശ്ചിത ദിവസങ്ങൾക്കുശേഷവും ജോലിയ്ക്ക് ഹാജരാകാത്ത പക്ഷം ടി ജീവനക്കാരൻ/ജീവനക്കാരി അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തതായി കണക്കാക്കി, ടി വിവരം ഈ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അഞ്ചു

വർഷത്തിനുശേഷം ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് ലഭിക്കുന്ന അപേക്ഷകൾ ഇത്തരത്തിൽ ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ തലത്തിൽത്തന്നെ തീർപ്പാക്കേണ്ടതാണ്.

ഒപ്പ്
ഡോ.റംലാ ബീവി.എ.
**ഡയറക്ടർ**

സ്വീകർത്താവ്

1. എല്ലാ ഗവൺമെന്റ് മെഡിക്കൽ/ഡെന്റൽ/നഴ്സിംഗ് കോളേജ് പ്രിൻസിപ്പാൾമാർക്കും
2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ ആശുപത്രി സൂപ്രണ്ട്/അഡ്മിനിസ്ട്രേറ്റിവ് മെഡിക്കൽ ഓഫീസർമാർക്കും
3. ഡയറക്ടർ, കണ്ണാശുപത്രി

   (എല്ലാവർക്കും പകർപ്പ് ഇ-മെയിൽ മുഖാന്തിരം)

4. ഇ/എച്ച്/ജി/എച്ച്/ജെ സെക്ഷൻ സൂപ്രണ്ടുമാർക്ക്
5. വെബ്സൈറ്റ് dme.kerala.gov.in

JR/10.12.2020